3099
9/2/18

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്-കോഴിക്കോട് സ്പെഷ്യൽ ഡിവിഷനിലെ പാംപ്ര കാപ്പിത്തോട്ടത്തിലെ കാപ്പിക്കുരു ശേഖരണത്തിൽ 1987 വർഷത്തിൽ ഉണ്ടായ അഴിമതികൾക്കു ഉത്തരവാദികളായ 6 വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ഒരാളായ ശ്രീ.പി.വി.മാധവൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട) നെതിരായ അച്ചടക്ക നടപടി-അപ്പീൽ പരാതി തീർപ്പാക്കി-ശിക്ഷ ലഘൂകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.61/2018/വനം തീയതി, തിരുവനന്തപുരം, 03.02.2018.

പരാമർശം:-
1) 12.08.1992 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി1-25543/87 നമ്പർ ഉത്തരവ്
2) 13.11.1995 ലെ സ.ഉ.(സാധാ)നം.423/1995/വനം ഉത്തരവ്
3) ശ്രീ.പി.വി.മാധവൻ ഫയൽ ചെയ്ത ഒ.പി.3645/1996 ൽ ബഹു.ഹൈക്കോടതിയുടെ 02.03.2005 ലെ വിധിന്യായം
4) 12.02.2008 ലെ സ.ഉ.(സാധാ) നം.83/2008/വനം നമ്പർ ഉത്തരവ്
5) ശ്രീ.പി.വി.മാധവൻ ഫയൽ ചെയ്ത റ്റി.എ.6099/2012 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.08.2016 ലെ വിധിന്യായം.
6) 08.12.2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(3)5447/1/GW നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് സ്പെഷ്യൽ ഡിവിഷനിലെ പാംപ്ര കാപ്പിത്തോട്ടത്തിലെ കാപ്പിക്കുരു ശേഖരണത്തിൽ 1987 വർഷത്തിൽ ഉണ്ടായ അഴിമതികൾക്കു ഉത്തരവാദികളായ 6 വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ഒരാളായ ശ്രീ.പി.വി.മാധവൻ ഫോറസ്റ്റ് ഗാർഡ് ഉൾപ്പെടെ ഉള്ളവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് 4 ചാർജ്ജുകൾ ഉൾപ്പെടുത്തി കുറ്റപത്രവും കുറ്റാരോപണ പത്രികയും

നൽകിക്കൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചു. ടിയാനെതിരെയുള്ള ചാർജ്ജുകൾ ഇപ്രകാരമായിരുന്നു.

(i) ഫോറസ്റ്റ് ഗാർഡ് എന്ന നിലയിൽ സർക്കാർ വക പാംപ്ര കാപ്പിത്തോട്ടത്തിലെ 1987 ലെ കാപ്പിക്കുരുവിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സംബന്ധിച്ച ജോലികൾ സത്യസന്ധതയോടും കൃത്യനിഷ്ഠയോടും കൂടി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ചെയ്തു തീർക്കുന്നതിൽ പരാജയപ്പെട്ടു.

(ii) നിലവിലുള്ള സെൻട്രൽ എക്സൈസ് നിയമങ്ങളും കോഫി ബോർഡിന്റെ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് ഇബി.2-രജിസ്റ്റർ ടി.പി.3 ഫോറം എന്നിവയിൽ യഥാർത്ഥ കണക്കുകളിൽ ഉൾപ്പെടുത്താതെ 268 ചാക്ക് കാപ്പിക്കുരു നീക്കം ചെയ്യുന്നതിന് മനപൂർവ്വം കൂട്ടു നിന്നു. നിയമവിരുദ്ധമായി കാപ്പിക്കുരു കടത്തിക്കൊണ്ടു പോയതുമൂലം സർക്കാരിന് 1,52,921/- രൂപയുടെ നഷ്ടം വരുത്തി വച്ചു.

(iii) അനധികൃതമായി കാപ്പിത്തോട്ടത്തിലെ ഷെഡ്ഡിൽ 260 ഗ്രാം കാപ്പിക്കുരു സ്വാർത്ഥലാഭത്തിന് വിൽപന നടത്തുന്നതിനു വേണ്ടി സൂക്ഷിച്ചു.

(iv) ഡെയിലി കളക്ഷൻ രജിസ്റ്റർ പ്രകാരം 375234 ലിറ്റർ കാപ്പിക്കുരു മാത്രമേ പറിച്ചിരുന്നുള്ളുവെങ്കിലും 412962 ലിറ്റർ കാപ്പിക്കുരു പറിച്ചതായി കാണിച്ചുകൊണ്ട് 375234 ലിറ്റർ കാപ്പിക്കുരുവിന്റെ സംഭരണ ചെലവിലേയ്ക്കായി 42,589.75 രൂപ അധികമായി ചെലവ് എഴുതിയെടുക്കുന്നതിനുവേണ്ടി കൃത്രിമ വൗച്ചറുൾ തയ്യാറാക്കി സർക്കാർ കണക്കുകളിൽ ഉൾപ്പെടുത്തുന്നതിന് സഹായിച്ചു.

2) കുറ്റപത്രത്തിനും കുറ്റാരോപണ പത്രികയ്ക്കും ടിയാൻ വിശദീകരണം സമർപ്പിക്കുകയും ആയത് തൃപ്തികരമല്ലാത്തതിനാൽ കേസിൽ കൂടുതൽ തെളിവുകൾ സമാഹരിക്കുന്നതിന് ഔപചാരികാന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് പ്രകാരം ചാർജ്ജുകളിൽ ഒന്നൊഴികെ (268 ചാക്ക് കാപ്പിക്കുരു അനധികൃതമായി കടത്തിക്കൊണ്ടു പോയി എന്ന ചാർജ്ജ്) മറ്റെല്ലാ ചാർജ്ജുകളും തെളിഞ്ഞിട്ടുണ്ടെന്ന് അന്വേഷണാധികാരി കണ്ടെത്തുകയും ആയതിൻപ്രകാരം ശ്രീ.പി.വി.മാധവനിൽ നിന്ന് സർക്കാർ നഷ്ട തുകയായ 42,565.30 രൂപ, 7403/- രൂപ 30 മാസത്തവണകളായി ഈടാക്കുവാനും ടിയാന്റെ

മൂന്നു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടുകൂടി തടയുവാനും പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി.

3) ടി ഉത്തരവിനെതിരെ ടിയാൻ അപ്പീൽ ഹർജി സമർപ്പിക്കുകയും, ആയത് ഭാഗികമായി അനുവദിച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവിലൂടെ ചുമത്തിയ മൂന്നു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുവയ്ക്കുക എന്ന ശിക്ഷ മാത്രം നിലനിർത്തിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായി. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ഒ.പി.3645/1996 ൽ പരാമർശം (3) പ്രകാരമുള്ള വിധിപ്രകാരം പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്മേൽ ടിയാന്റെ അപ്പീൽ പരാതി സർക്കാർ വീണ്ടും പരിഗണിക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവായി.

4) പ്രസ്തുത ഉത്തരവിൻ പ്രകാരം ടിയാന്റെ അപ്പീൽ പരിഗണനയിലെടുത്തുകൊണ്ട് മുമ്പ് നൽകിയ ശിക്ഷയിൽ കുറവ് വരുത്തി ടിയാനെതിരെയുള്ള ശിക്ഷ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക എന്ന് ഭേദഗതി വരുത്തി പരാമർശം (4) പ്രകാരം ഉത്തരവായി. ഈ ഉത്തരവിനെതിരെ ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ പി(സി) 21695/08 നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതു പരാമർശം (5) പ്രകാരം തീർപ്പാക്കുകയുമുണ്ടായി. ടി ഉത്തരവ് പ്രകാരം പരാമർശം (4) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കുകയും പരാമർശം (3)ലെ ബഹു.ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ ടിയാന്റെ അപ്പീൽ പരാതി വീണ്ടും പരിഗണിക്കുവാനും ടിയാനെ നേരിൽ കേൾക്കുവാനും അവസരം നൽകി. അപ്പീൽ പരാതി തീർപ്പാക്കുവാനും സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

5) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.പി.വി.മാധവനെ നേരിൽ കേൾക്കുകയും സമർപ്പിച്ച അപ്പീൽ പരാതി സർക്കാർ വിശദമായി പരിശോധിക്കുകയും ചെയ്തു. ടിയാനെ നേരിൽ കേട്ടതിൽ രണ്ടാമത്തെ ചാർജ്ജ് നിലനിൽക്കുന്നതാണെങ്കിലും പ്രസ്തുത കുറ്റവും ടിയാന് നൽകിയ ശിക്ഷയും പൊരുത്തപ്പെടുന്നില്ല. സൂക്ഷിച്ചിരുന്ന കാപ്പിക്കുരു കണ്ടെത്തിയിട്ടുണ്ട് എന്നതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. കുറ്റത്തിനനുസൃതമായ ശിക്ഷ നൽകുന്നതാണ് സ്വാഭാവിക നീതി. കുറ്റവും ശിക്ഷയും തമ്മിൽ ഒരു അനുപാതം നിശ്ചയിക്കപ്പെടേണ്ടതാണ് എന്നതിനാലും, ഇവിടെ സാമ്പത്തിക നഷ്ടം ഇല്ലാത്തതിനാലും രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക

എന്ന കഠിന ശിക്ഷ നൽകിയത് ഉചിതമല്ല എന്ന് വിലയിരുത്തി, രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക എന്ന കഠിന ശിക്ഷയിൽ ഇളവ് നൽകി ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുക എന്ന ലഘുശിക്ഷ നിശ്ചയിച്ച്, അതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയപ്പോൾ, കമ്മീഷൻ സർക്കാരിന്റെ മേൽ തീരുമാനത്തോട് യോജിക്കുകയും പരാമർശം (6) പ്രകാരം അപ്രകാരം ഉപദേശിക്കുകയും ചെയ്തു.

6) മേൽ സാഹചര്യത്തിൽ കോഴിക്കോട് സ്പെഷ്യൽ ഡിവിഷനിലെ പാംപ്ര കാപ്പിത്തോട്ടത്തിലെ കാപ്പിക്കുരു ശേഖരണത്തിൽ 1987 വർഷത്തിൽ ഉണ്ടായ അഴിമതികൾക്കു ഉത്തരവാദികളായ വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ഒരാളായ ശ്രീ.പി.വി.മാധവൻ ഫോറസ്റ്റ് ഗാർഡി (റിട്ട) ന് എതിരെയുള്ള അച്ചടക്ക നടപടിയിന്മേൽ ശിക്ഷ ലഘൂകരിച്ച് "ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുക" എന്നതാക്കി പരാമർശം (5) ലെ വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.പി.വി.മാധവൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
അഡ്വക്കേറ്റ് ജനറൽ ,വഞ്ചിയൂർ ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ